പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3699

15/03/2018 ൽ മറുപടിക്ക്

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| | | (എ) യും (ബി) യും |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഏതെല്ലാം ഉന്നത ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നു എന്നും ആയതിന് ആസ്പദമായ സംഭവങ്ങളുടെ വിശദാംശങ്ങളും നൽകുമോ; | തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ, മുൻ മെമ്പർ ശ്രീ. അജയ് തറയിൽ എന്നിവർക്കെതിരെ ഉന്നയിച്ചിട്ടുള്ള അഴിമതി ആരോപണത്തെ സംബന്ധിച്ചുള്ള ത്വരിതാന്വേഷണം (No. QV 56/2017/SIU-1, No. QV 57/2017/SIU- 1) നടന്നു വരുന്നു. 2013 - 14 കാലയളവിൽ ശബരിമല ഉത്സവത്തോടനുബന്ധിച്ച് പാത്രങ്ങളും മറ്റ് സാധനങ്ങളും നിയമ വിരുദ്ധമായി വാങ്ങിയത് സംബന്ധിച്ച അഴിമതി ആരോപണത്തിൽ മുൻ ബോർഡ് സെക്രട്ടറി ശ്രീ. വി. എസ്. ജയകുമാറിനെതിരെ കേരള സംസ്ഥാന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുഖാന്തരം അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് ശാന്തി നിയമനം സംബന്ധിച്ച് തിരുവാഭരണം കമ്മീഷണർ (റിട്ട.) ശ്രീമതി എസ്. പാർവ്വതി, തിരുവല്ലം ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ശ്രീ. ജി.ഗോപകുമാർ എന്നിവർക്കെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ കേസുണ്ട്. ( No.VC-09/09/SIU ), കൊട്ടാരക്കര അസിസ്റ്റന്റ് ആഡിറ്റ് ആഫീസർ ആയിരുന്ന റിട്ടയർ ചെയ്ത ശ്രീമതി.ശ്രീലത, പേരൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ആയിരുന്ന കാലയളവിൽ ടിയാളുടെ പേരിൽ കാണപ്പെട്ട വീഴ്ചകൾ സംബന്ധിച്ച് സൂപ്രണ്ട് ഓഫ് പോലീസ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-2 (കുഞ്ചാലുംമൂട്, തിരുവനന്തപുരം) ന്റെ കാര്യാലയത്തിൽ അന്വേഷണം നടന്നുവരുന്നു. (No.VC 6/13/SIU- II). |
| (ബി) | പ്രസ്തുത അന്വേഷണങ്ങളുടെ ഭാഗമായി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ? | |

സെക്ഷൻ ഓഫീസർ